പതിനാലാം കേരള നിയമസഭ

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ **ചോദ്യം നം.60** — **29.01.2019**-ലെ മറുപടിക്ക്

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. കെ.സി. ജോസഫ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. സണ്ണി ജോസഫ് | ഡോ. ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

## ധനകാര്യ മാനേജ്മെന്റ്

| | | |
|---|---|---|
| (എ) | വരുമാനം വർദ്ധിപ്പിച്ചും സാമ്പത്തിക അച്ചടക്കം പുലർത്തിയുമുള്ള ധനകാര്യ മാനേജ്മെന്റാണോ സർക്കാർ നയം എന്ന് വ്യക്തമാക്കുമോ; | സമൂഹത്തിന്റെ എല്ലാ തുറകളിൽപ്പെട്ടവരെയും സ്പർശിക്കുന്നതും സമഗ്ര വികസനം സാദ്ധ്യമാക്കുന്നതും, അർഹരായവർക്ക് സാമൂഹ്യ സുരക്ഷാ കവചം ഒരുക്കുന്നതുമായ നടപടികളുമായാണ് സർക്കാർ മുന്നോട്ട് പോകുന്നത്. എന്നാൽ കഴിഞ്ഞ കുറേ കാലങ്ങളായി തുടരുന്ന വരവിന്റേയും ചെലവിന്റേയും വളർച്ചാ നിരക്കുകൾ തമ്മിലുള്ള അന്തരം വർദ്ധിക്കുന്നത് മൂലമുള്ള അസന്തുലിതാവസ്ഥ മേൽ നടപടികൾക്ക് ഒരു പ്രതിബന്ധമാണ്. വരുമാന വളർച്ചയിലൂന്നിയ ധനദൃഢീകരണ നടപടികളിലൂടെ ടി പ്രതിസന്ധി തരണം ചെയ്യുകയെന്നതാണ് സർക്കാർ നയം. വരുമാനവും പൊതു നിക്ഷേപവും വർദ്ധിപ്പിച്ചും അനാവശ്യവും ധൂർത്തുനിറഞ്ഞതുമായ ചെലവുകൾ നിയന്ത്രിച്ചും സർക്കാർ ചെലവു ചെയ്യലിന്റെ മുൻഗണനയിൽ ക്ഷേമ വികസന ചെലവുകൾക്ക് പ്രാമുഖ്യം നൽകുന്നതിന് ഉതകുന്ന ധനകാര്യ മാനേജ്മെന്റാണ് സർക്കാർ പിന്തുടർന്നു വരുന്നത്. |
| (ബി) | എങ്കിൽ പ്രസ്തുത നയത്തിന് അനുസൃതമായി വരുമാനം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടി എന്തൊക്കെയാണ്; | സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൈക്കൊണ്ട പ്രധാന നടപടികൾ ഇവയാണ്.<br><br>1. വിവിധ നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി. |

| | | |
|---|---|---|
| | | 2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.<br>3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി ഇന്റേണൽ ആഡിറ്റ് വിഭാഗം ശക്തമാക്കി.<br>4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.<br>5. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.<br>ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യവത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു. |
| (സി) | സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന് കൊണ്ടുവന്ന നടപടികൾ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കാതെ വന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | അത്തരമൊരു സാഹചര്യവുമില്ല. എന്നാൽ ഏറ്റവും അനവധാനതയോടു കൂടി GST നടപ്പിൽ വരുത്തിയതുമൂലമുള്ള പ്രയാസങ്ങൾ നേരിടുന്നുണ്ട്. ആയവ പരിഹരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിനുള്ള ജാഗ്രത സംസ്ഥാന സർക്കാർ സ്വീകരിക്കുന്നുണ്ട് |
| (ഡി) | വായ്പ എടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബഡ്ജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്ന നടപടി വിജയപ്രദമാണോ; വിശദമാക്കുമോ; | വായ്പ എടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബഡ്ജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കുകയെന്ന ലക്ഷ്യം മുൻനിർത്തി 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ. യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000/- കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിൽ 41,326/- കോടി രൂപയുടെ 512 പദ്ധതികൾക്ക് ഇതിനകം അംഗീകാരം നൽകിയിട്ടുണ്ട്. നിലവിൽ ഇവയിൽ 232 പദ്ധതികൾ ടെൻഡർ ചെയ്യുകയും 185 പദ്ധതികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സമാനതകളില്ലാത്ത ഈ നിക്ഷേപം സമ്പദ്ഘടനയ്ക്ക് ഒരു ഉത്തേജനം പ്രദാനം ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| (ഇ) | റവന്യു ചെലവ് കുറയ്ക്കുന്നതിനും റവന്യു കമ്മി നിയന്ത്രണ വിധേയമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ? | നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിച്ചുകൊണ്ടും ധൂർത്തും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പുലർത്തിയുമുള്ള നടപടികളിലൂടെ സാമ്പത്തിക അച്ചടക്കം പാലിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിന്റെ തുടർച്ചയെന്നോണം വാഹനങ്ങൾ വാങ്ങുന്നതിനും, പുതിയ ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും, വിദേശ യാത്രയ്ക്കും, വിമാന യാത്രയ്ക്കും, മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ